കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-പി.കെ.ഡി.19-1816/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്കാര്യാലയം, പാലക്കാട്
തീയതി-23.10.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-പി.കെ.ഡി.19-1816/17 തീയതി-23-10-2017

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30-11-16 മുതൽ 30-6-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-7-17 മുതൽ 31-07-17വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിന്ദു.പി.ജി,<br>ഓഡിറ്റ് ഓഫീസർ, ( ഹ.ഗ്രേ) |
| | ശ്രീമതി.പി.രമാദേവി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി.സുസ്മിത.കെ.വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (28-7-17 വരെ) |
| | ശ്രീമതി. സരിത.പി, സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാലിനി കറുപ്പേഷ് | 1-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ ഉണ്ണിക്കൃഷ്ണൻ പിള്ള.ആർ | 1-04-16 മുതൽ 31-03-17 വരെ (28-4-16 മുതൽ 18-5-16 വരെയും 10-8-16 മുതൽ 8-9-16 വരെയും കാലയളവ് ഒഴികെ) |
| | ശ്രീമതി.ബീനാ തോമസ് ജോൺ (സെക്രട്ടറി ഇൻ ചാർജ്ജ്) | 28-4-16 മുതൽ 18-5-16 വരെയും 10-8-16 മുതൽ 8-9-16 വരെയും |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ബീനാ തോമസ് ജോൺ | 1-04-16 മുതൽ 10-1-17 വരെ |
| | ശ്രീമതി.മുംതാസ്.എ.വി | 11-1-17 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ലീനാറാണി.എ | 1-4-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ടി.വി.സുവിജ | 1-4-16 മുതൽ 31-3-17 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രിൻസി.എസ്.ജോൺ | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ -1 | സിന്ധു. കെ | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ-2 | ലാലു.കെ | 1-4-16 മുതൽ28-6-16വരെ |
| | ഒഴിവ് | 29-6-16 മുതൽ4-7-16വരെ |
| | ശിവപ്രസാദ് | 5-7-16 മുതൽ31-3-17വരെ |
| കൃഷി ഓഫീസർ | വി.എസ്.ദിലീപ് കുമാർ | 1-4-16 മുതൽ 31-03-17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ശെൽവകുമാർ | 1-4-16 മുതൽ 31-3-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജി.സുരേഷ് കുമാർ | 1-4-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷാദേവി.കെ | 1-4-16 മുതൽ 31-3-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 344306133 രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്) ചെലവ് ₹ 205429000 രൂപയും നീക്കിയിരിപ്പ് 55377133 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 18-7-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 5074257 |
| വരവ് | 76537591 |
| ആകെ | 81611848 |
| ചെലവ് | 70166871 |
| നീക്കിയിരിപ്പ് | 11444977 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 19061221 | 19061221 | 15271669 | 3789552 | 80 |
| വികസന ഫണ്ട് എസ്.സി.പി | 0 | 13172406 | 13172406 | 6195932 | 6976474 | 47 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 709314 | 709314 | 0 | 709314 | 0 |
| സംരക്ഷണ | 0 | 11643951 | 11643951 | 2344316 | 9299635 | 20 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് റോഡ് | | | | | | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4998288 | 4998288 | 4456066 | 542222 | 89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9653891 | 9653891 | 4691601 | 4962290 | 49 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 9013322 | 9013322 | 3957527 | 5055795 | 44 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1471319 | 1471319 | 1303736 | 167583 | 89 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 204 | 97707413 | 101 | 43469840 | 103 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 49.5% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ടത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 44.5% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് (ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | തൻവർഷം വരവ് | വ്യത്യാസം | % |
|---|---|---|---|---|
| നികുതി | 3209627 | 6783780 | 3574153 | (+)111% |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 626046 | 1243826 | 617780 | (+)99% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ | അന്വേഷണം കഴിഞ്ഞ് തിരിച്ച് ലഭിക്കാത്തവ |
|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 16 | 14 | 2 | 0 |
| 2 | വിധവാ പെൻഷൻ | 108 | 90 | 8 | 10 |
| 3 | വികലാംഗ പെൻഷൻ | 25 | 22 | 2 | 1 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 5 | 1 | 0 |
| 5 | വാർദ്ധക്യകാല പെൻഷൻ | 412 | 377 | 31 | 4 |
| 6 | തൊഴിൽ രഹിതവേതനം | 9 | 4 | 5 | 0 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-7-17, 2.25 pmന് സ്ഥാപന തലവന്റെ നടത്തുകയുണ്ടായി. പരിശോധനയിൽ 4024/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | | 1.4.2017 – 30.4.2017 | 6.7.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.8.06 to 02.09.06 | 2005-06 | 09/09/2010 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക,ലേലം -വരവുകൾ- അനധികൃതമായി ഇളവുകൾ നൽകിയതിനാൽ നഷ്ടം

1)ഗ്രാമപഞ്ചായത്ത് 2016-17 വർഷം വാടകയ്ക്ക് നൽകിയതിൽ താഴെ പറയുന്ന കടമുറികൾക്ക് വിവിധ കാരണങ്ങളാൽ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം, ഉടമസ്ഥന്റെ പേര് | പ്രതിമാസ വാടക | ആകെ ഈടാക്കേണ്ട വാടക | ആകെ ഈടാക്കിയ വാടക | വാടകയിൽ നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2/178, ശശിധരൻ നായർ, 16-6-16 മുതൽ | 2300 | 23000 | 13800 | 9200 | മഴക്കെടുതി മൂലം ബസ് സ്റ്റാൻഡിലേക്ക് വാഹനങ്ങൾ കയറുന്നില്ല എന്ന |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കാരണത്താൽ വാടക ഒഴിവാക്കി നൽകി. |
| 2 | 6/692, കറുപ്പസ്വാമി, കോട്ടപ്പാടം | 700 | 8400 | 2100 | 6300 | കച്ചവടം കുറഞ്ഞതിനാൽ വാടക ഒഴിവാക്കി നൽകി. |
| 3 | 6/693 അർഷാദ് മുഹമ്മദ് റാഫി | 550 | 6600 | 1650 | 4950 | കച്ചവടം കുറഞ്ഞതിനാൽ വാടക ഒഴിവാക്കി നൽകി. |
| 4 | 6/694,അബ്ദുൾ ഹക്കീം | 550 | 6600 | 1650 | 4950 | ഭരണസമിതി തീരുമാനമെടുത്ത് ഒഴിവാക്കി നൽകി |
| 5 | 6/695, നൂറുദ്ദീൻ, ചിക്കണാംപാറ | 550 | 6600 | 1650 | 4950 | ഭരണസമിതി തീരുമാനമെടുത്ത് ഒഴിവാക്കി നൽകി |
| 6 | 11/493, സുഭാഷ് പൂങ്കോട് | 10000 | 120000 | 60000 | 60000 | വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഭരണസമിതി തീരുമാനമെടുത്ത് ഒഴിവാക്കി നൽകി |
| 7 | 2/180,സജിത, വെള്ളപ്പാറ | 3100 | 37200 | 9300 | 27900 | വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഭരണസമിതി തീരുമാനമെടുത്ത് ഒഴിവാക്കി നൽകി |

| | | |
|---|---|---|
| ആകെ വാടക നഷ്ടം | **118250** | |

ക്രമ നം 1,2 ഇവയ്ക്ക് മഴക്കാല കെടുതി മൂലം റോഡ് മോശമായതിനാൽ ബസുകൾ സ്റ്റാന്റിൽ കയറാത്തതിനാൽ കച്ചവടം മോശമായതിനെ തുടർന്ന് ഒഴിവാക്കി നൽകി.

മറ്റുള്ളവ സംബന്ധിച്ച അന്വേഷണത്തിൽ മുൻവർഷങ്ങളിലെ വാടകക്കാർ യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനെ തുടർന്ന് കെ.എസ്.ഇ.ബി വൈദ്യുതകണക്ഷൻ റദ്ദാക്കിയതായും പിന്നീട് പുനഃസ്ഥാപിക്കാൻ കഴിയാത്ത രീതിയിൽ വയറിംഗിന് കേടുപാടുകൾ സംഭവിച്ചതായുമാണ് അറിയാൻ കഴിഞ്ഞത്.

കടമുറികൾക്ക് നിലവിൽ വൈദ്യുതി കണക്ഷനുണ്ടോ? പ്രവർത്തിക്കുന്നുണ്ടോ? ഈയിനത്തിലുള്ള കുടിശ്ശിക വൈദ്യുതി ചാർജ്ജ് അടവാക്കിയതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല.

ഒരു വർഷത്തേയ്ക്ക് ഒരു നിശ്ചിതവാടക നിശ്ചയിച്ച് ഉടമ്പടിയിൽ ഏർപ്പെട്ടതിനുശേഷം പിന്നീട് വാടകയിൽ കുറവ് വരുത്തുന്നത് ക്രമവിരുദ്ധമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത അപ്രതീക്ഷിതമായ കാര്യങ്ങൾക്ക് മാത്രമേ ഇത്തരത്തിൽ ഇളവുകൾ അനുവദിക്കാവൂ.

2) ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ എടുത്ത ശ്രീ.സതീഷ്, കോട്ടയമ്പലം എന്നയാൾ 171500 രൂപയ്ക്ക് ലേലം ഉറപ്പിച്ചെങ്കിലും 135780 രൂപ മാത്രമാണ് ഈ ഇനത്തിൽ പഞ്ചായത്തിൽ അടച്ചിരിക്കുന്നത്. മഴക്കാല കെടുതി മൂലം റോഡ് മോശമായതിനാൽ ബസുകൾ സ്റ്റാന്റിൽ കയറാത്തതിനാൽ 35720 രൂപ ടിയാൾക്ക് ഒഴിവാക്കി നൽകിയിട്ടുണ്ട്. മഴക്കാലപൂർവ്വമായി ചെയ്യേണ്ടുന്ന അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതിനാൽ പഞ്ചായത്തിനുണ്ടാകുമായിരുന്ന വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

പഞ്ചായത്ത് സ്വന്തം ആസ്തികളുടെ സംരക്ഷണത്തിൽ വീഴ്ച വരുത്തുകയും ആയതിനാൽ അതിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് ഉണ്ടാകുകയും ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. വാടകയ്ക്ക് നൽകുന്ന ആസ്തികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പിലാക്കുന്നതിലും, ആസ്തികളുടെ ശരിയായ സംരക്ഷണത്തിലൂടെ ഗ്രാമപഞ്ചായത്തിന്

ലഭ്യമാകുന്ന ന്യായമായ തനത് വരുമാനം ഉറപ്പുവരുത്തുന്നതിനും വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി നിർണ്ണയം-സംബന്ധിച്ച്

സി.ബി.എസ്.ഇ അഫലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിലെ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള ശമ്പളനിരക്ക് നൽകണമെന്നും സി.ബി.എസ്.ഇ നിഷ്കർഷിച്ചിട്ടുണ്ട്. (CBSE/AFF./CIRCULARS/2009, CIRCULAR NO. 01, DATED : 29.07.2009).

എന്നാൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ പബ്ലിക്ക് സ്കൂളിലെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, സ്ഥാപനം മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു. കുറഞ്ഞ വേതനം ഉൾക്കൊള്ളിച്ച് റിട്ടേൺ സമർപ്പിച്ചിരിക്കുന്നതിനാൽ കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ആയതിനാൽ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(M.S)No.36/11/G.Edn ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ കുറഞ്ഞ വേതനം 01.01.2011 മുതൽ നിശ്ചയിച്ചിട്ടുണ്ട്. ഹെഡ് മാസ്റ്റർക്ക് 7000 രൂപയും പ്രൈമറി അധ്യാപകർക്ക് 5000 രൂപയുമാണ് കുറഞ്ഞ പ്രതിമാസം ശമ്പളം നൽകേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് പോൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകരുടെ വേതനം ഇതിലും കുറവായി കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിരിക്കുന്നതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി

നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ നിരന്തരം പരാമർശിച്ചിട്ടും തുടർ നടപടികൾ സ്വീകരിച്ച് ശരിയായ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 18 (4) പ്രകാരം ഓരോ അർദ്ധവർഷത്തിന്റെ അവസാനവും ആഫീസ് തലവനോ തൊഴിലുടമയോ വച്ചു പോരുന്ന രജിസ്റ്ററിന്റെ സംഖ്യകളും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തു നോക്കി കൃത്യത സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും ഒരു പരിശോധന സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തീയതി വെച്ച് ഒപ്പിട്ട് നൽകേണ്ടതാണ്. ഇത്തരത്തിൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

2) എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫാറം -2 ലുള്ള റിട്ടേൺ ലഭ്യമായിട്ടില്ല.

ഉദാ- ചിന്മയ വിദ്യാലയം, സെന്റ് പോൾസ് പബ്ലിക് സ്കൂൾ, ശ്രീനാരായണ പബ്ലിക് സ്കൂൾ, മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, സൊസൈറ്റി ഫോർ റൂറൽ ഇംപ്രൂവ്മെന്റ്, ആബിദ് ആശുപത്രി

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഫാറം -2 ലുള്ള റിട്ടേൺ എല്ലാ തൊഴിലുടമകളും സമർപ്പിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 2-3 കളരി കോവിലകത്തിന്റെ നികുതി നിർണ്ണയം പുനഃപരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കളരി കോവിലകം എന്ന സ്ഥാപനം പഞ്ചായത്തിന്റെ രേഖകളിൽ ആയുർവ്വേദാശുപത്രി ആണ്. ഇവിടെ ഡോക്ടർമാരും

തെറാപിസ്റ്റുകളുമടക്കം 100-ൽ കൂടുതൽ ജീവനക്കാർ ഉണ്ട്. ESCAPADE Resorts Pvt.Ltd എന്ന സ്വകാര്യകമ്പനിയുടേതാണ് ഈ സ്ഥാപനം. സ്ഥാപനത്തിന്റെ അംഗീകൃതവെബ്സൈറ്റിൽ ഇത് ഒരു റിസോർട്ട് എന്ന രീതിയിലാണ് പരസ്യം ചെയ്തിരിക്കുന്നത്. കൂടാതെ ഇതിന്റെ ഓഫീസ് മുദ്രയിലും Hotel and allied Traders Pvt.Ltd എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ വസ്തുനികുതി റിസോർട്ട് എന്ന രീതിയിൽ കണക്കാക്കണമെന്നാവശ്യപ്പെട്ട് കത്തിടപാടുകൾ നടന്നിട്ടുണ്ടെങ്കിലും ആയുർവ്വേദാശുപത്രി എന്ന രീതിയിൽ തന്നെയാണ് നിലവിൽ നികുതി ഈടാക്കുന്നത്. എന്നാൽ 2007 ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്റ്റ് പ്രകാരം ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറുടെ അംഗീകാരപത്രം ഇല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരാതിർത്തിക്കുള്ളിൽ ഒരു ആയുർവ്വേദാശുപത്രി പ്രവർത്തിക്കാവുന്നതല്ല. ഇത്തരത്തിലുള്ള അംഗീകാരപത്രംസ്ഥാപനത്തിന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനം ഒരു കച്ചവടസ്ഥാപനമായി പ്രവർത്തിക്കുകയും ആയുർവ്വേദാശുപത്രി എന്ന നിലയിൽ നികുതിഇളവ് അനുഭവിക്കുകയും ചെയ്യുന്നതായി പ്രഥമദൃഷ്ട്യാ വിലയിരുത്തുന്നു. തുടർ പരിശോധനകൾ നടത്തേണ്ടതാണ്.

## 2-4 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

തങ്കം, തങ്കരാജ് തിയറ്ററുകളുടെയും ഗായത്രി കല്യാണമണ്ഡപത്തിന്റയും വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ നിലവിലുള്ള വസ്തുനികുതി നിർണ്ണയത്തിൽ താഴെ പറയുന്ന കുറവുകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1) തങ്കരാജ്, തങ്കം തിയറ്ററുകൾ

സിനിമാ റഗുലേഷൻ ആക്റ്റ് പ്രകാരമുള്ള ലൈസൻസിനായുള്ള അപേക്ഷയിൽ തിയറ്റർ ബിൽഡിംഗിന്റെ വിവരങ്ങളിൽ നിലവിൽ മേൽക്കൂര-തരം Steel or Concrete ആണ്. കൂടാതെ ഫോറം D സർട്ടിഫിക്കറ്റ് പ്രകാരം 8.5 T R ശേഷിയുള്ള എയർ കണ്ടീഷനിംഗ് സംവിധാനം ഉള്ളതായും കാണുന്നു. എന്നാൽ ഈ വിവരങ്ങൾ പരിഗണിച്ചല്ല വസ്തു നികുതി

നിർണ്ണയിച്ചിട്ടുള്ളത്. ആവശ്യമായ പരിശോധന നടത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2)ഗായത്രി കല്യാണമണ്ഡപം

കെട്ടിട നം 2/289

ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയ വിവരശേഖരണ ഫോറം പ്രകാരം എയർകണ്ടീഷനിംഗ് സംവിധാനം ഉള്ളതായി മാർക്ക് ചെയ്ത് ആയതു പ്രകാരം നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ ഫോറം -ആറിലെ വിവരങ്ങൾ പ്രകാരം എയർകണ്ടീഷനിംഗ് സംവിധാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. ആവശ്യമായ പരിശോധന നടത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

# ഭാഗം-3

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>ഓർഗാനിക് ഫാമിംഗ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

ഗ്രോബാഗ് വെജിറ്റബിൾ കൾട്ടിവേഷൻ നടത്തുന്നതിനുള്ള രണ്ട് പദ്ധതികൾ കൃഷി ഓഫീസർ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്.

<u>(1). ഓർഗാനിക് ഫാമിംഗ് - (120/17)</u>

അടങ്കൽ -( പ്ലാൻ -90000

ഗുണഭോക്തൃവിഹിതം - 30000)

ചെലവ് - പ്ലാൻ - 90000

ബിൽ നമ്പർ - 4/15.3.17

അംഗീകരിച്ച പ്രൊജക്ടിൽ - ജൈവപച്ചക്കറി കൃഷി, ടെറസ്സിലും വീട്ടുവളപ്പിലും- വനിത - എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം ഗ്രോബാഗും ചെടികളും നൽകിയ 60 ഗുണഭോക്താക്കളിൽ പകുതിയോളം പേരും വനിതകളല്ല.

പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്നും 500 രൂപ വീതം രസീതി മുഖേന പിരിച്ചെടുത്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 90000/- രൂപ പിൻവലിച്ച് വിജയകുമാരി എന്ന

വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രോബാഗിന്റെ സ്പെസിഫിക്കേഷൻ, വാങ്ങിയതിന്റെ നിയമാനുസൃത ബിൽ, വില കൈപ്പറ്റിയതിന്റെ രശീതി എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 90,000/- തടസ്സപ്പെടുത്തുന്നു.

<u>(2). ഗ്രോബാഗ് കൾട്ടിവേഷൻ (വനിത) – (220/17)</u>

അടങ്കൽ - 116828 (പ്ലാൻ -89328, ഗുണഭോക്തൃവിഹിതം - 27500)

ചെലവ് - പ്ലാൻ - 89328

ബിൽ നമ്പർ - 6/27.3.17

പദ്ധതി പ്രകാരം 55 വനിതകൾക്ക് ഗ്രോബാഗ് (പോട്ടിംഗ് മിശ്രിതം, തൈകൾ സഹിതം)നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് ഡയറക്ടറുടെ 12.4.16 ലെ V.C. 48742/15 നമ്പർ സർക്കുലറിൽ നിർദേശിച്ച പ്രകാരം വിതരണം ചെയ്ത ഗ്രോബാഗിന്റെ വില, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് കൃഷി ഓഫീസറും കൺവീനറും തമ്മിൽ കരാർ തയ്യാറാക്കിയിട്ടില്ല. വിതരണം ചെയ്ത ഗ്രോബാഗിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

*കാർഷികവികസന കർഷക ക്ഷേമ വകുപ്പ്*
*പച്ചക്കറി വികസന പദ്ധതി 2015-16*
*ബ്ലോക്ക് തല പച്ചക്കറി നഴ്സറി -കൃഷി ഭവൻ ,കൊല്ലങ്കോട്*

എന്ന ലെറ്റർ ഹെഡിലുള്ള ഇൻവോയ്സ് പ്രകാരം 1500/Unit എന്ന നിരക്കിൽ 55 യൂണിറ്റിന് 82500 രൂപ കൺവീനർക്ക് പ്ലാൻഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം യൂണിറ്റ് വിലയായ1500/- രൂപയിൽ ഗുണഭോക്തൃവിഹിതമായി 500 രൂപയും പ്ലാൻഫണ്ടിൽ നിന്നും 1000 രൂപയുമാണ് നൽകേണ്ടിയിരുന്നത്. പദ്ധതി പ്രകാരം 25 ബാഗ് വീതമുള്ള ഒരു യൂണിറ്റിന് 500 രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയത് കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും 82500 രൂപ (55x1500 )പൂർണ്ണമായും പ്ലാൻഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 7/29.7.17- മറുപടി ലഭിച്ചില്ല. ഗ്രോബാഗിന്റെ വിലയായി രേഖപ്പെടുത്തിയ

1500/Unit പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും അധികം നൽകിയ 27500 (82500 – 55000) രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിക്ക് പരിശീലനം നടത്തിയതിന്റെ റീഫ്രഷ്മെന്റ് ചെലവായി 6828 രൂപയും പ്ലാൻഫണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട്. 55 ഗുണഭോക്താക്കളുടെ ഒപ്പ് സഹിതമുള്ള ലിസ്റ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രൊജക്റ്റിൽ KAU/കൃഷിവകുപ്പിലെ Experts ക്ലാസ്സ് എടുക്കും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ക്ലാസ് നടത്തിയവരുടെ വിവരം, സ്ഥലം, സമയം തുടങ്ങിയവയുടെ രേഖകൾ ഫയലില്ല. സമാന പദ്ധതിയായ ഓർഗാനിക് ഫാമിംഗ് (120/17)എന്ന പദ്ധതിയിൽ പരിശീലനം ഉൾപ്പെടുത്തിയിട്ടുമില്ല. ഉത്പാദനപരമല്ലാത്ത പരിശീലനപരിപാടികൾ ഒഴിവാക്കണമെന്ന പദ്ധതി മാർഗരേഖയിലെ നിർദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച പദ്ധതി തുക തിരിച്ചടക്കേണ്ടതാണ്

കൃഷിഓഫീസറുടെ പേരിൽ ഫെഡറൽ ബാങ്കിലുള്ള 18900200000371 നമ്പർ അക്കൗണ്ടിൽ 24.5.17 ന് 543386 രൂപ നീക്കിയിരുപ്പുണ്ട്. സർക്കാരിന്റെ പദ്ധതിഫണ്ട് നിർവഹണഉദ്യോഗസ്ഥൻ വർഷങ്ങളായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ക്രമവിരുദ്ധമാണ്. മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി പിൻവലിച്ച പദ്ധതി തുകയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ കഴിയാതിരുന്ന തുകകളാണ് അക്കൗണ്ടിലുള്ളത്. സ.ഉ(പി)നം.177/2006/ധനം തിയതി 12-4-2006, സ.ഉ(പി)നം.119/2015/ധനം തിയതി 21-3-2015 പ്രകാരമുള്ള ഉത്തരവ് പ്രകാരം പദ്ധതി തുക മുൻകൂറായി പിൻവലിക്കുവാൻ പാടില്ലെന്നും ഓരോ മാസാവസാനവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന കാഷ്, ഡി.ഡി തുകകൾ തിരിച്ചടക്കണമെന്നും നിർദ്ദേശമുണ്ട്. ആയത് പാലിക്കാതെ പദ്ധതി ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ക്രമപ്രകാരമല്ല. നീക്കിയിരുപ്പ് തുക അടിയന്തിരമായി തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ജൈവവളം വിതരണപദ്ധതി- പരിശീലനപരിപാടികൾ ഒഴിവാക്കേണ്ടതാണ്

പ്രൊജക്ട് - തെങ്ങിന് ജൈവവളം -221/17

ചെലവ് -പ്ലാൻ - 134905

ബിൽ നമ്പർ - 5/27.3.17

നിർവഹണം - കൃഷി ഓഫീസർ

പദ്ധതി പ്രകാരം 63 ഗുണഭോക്താക്കൾക്ക് വേപ്പിൻപിണ്ണാക്ക് വാങ്ങുന്നതിന് 50% സബ്സിഡിയായി 126825/- രൂപ കൊല്ലങ്കോട് കാർഷിക സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. ജൈവവളം വിതരണം ചെയ്യുന്ന പദ്ധതിക്ക് പരിശീലനത്തിന് 63 പേരുടെ റിഫ്രെഷ്മെന്റ് ചെലവായി 8080 രൂപയും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ക്ലാസ് നടത്തിയവരുടെ വിവരം, സ്ഥലം, സമയം തുടങ്ങിയവയുടെ രേഖകൾ ഫയലില്ല(ഓഡിറ്റ് എൻക്വയറി നം.7/29.7.17). ഉത്പാദനപരമല്ലാത്ത പരിശീലനപരിപാടികൾ ഒഴിവാക്കണമെന്ന പദ്ധതി മാർഗരേഖയിലെ നിർദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 8080/-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി പോഷകാഹാരപദ്ധതി നടപ്പിലാക്കി

പ്രൊജക്റ്റ് നമ്പർ- വൃദ്ധർക്ക് പോഷകാഹാരം (226/17)

അടങ്കൽ -172104/-(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ചെലവ് - 162946 രൂപ

ബിൽ നമ്പർ - 8/28.3.17

പദ്ധതി പ്രകാരം 70 വയസ്സിനുമുകളിലുള്ള 345 വൃദ്ധർക്ക് അങ്കണവാടികൾ മുഖേന ഭക്ഷണം നൽകുന്നതിനായി 162946 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 16494/24.3.17 പ്രകാരം 161206 രൂപയ്ക്ക് മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യവസ്തുക്കൾ (അരി, ഗോതമ്പ്, എണ്ണ, ചെറുപയർ, ശർക്കര) വാങ്ങിയിട്ടുണ്ട്. 1740 രൂപ കടത്തുകൂലിയായും നൽകിയിട്ടുണ്ട്. സർക്കാർ

ഉത്തരവ് (എം.എസ്) നം.4/2016/ത.സ്വ.ഭ.വ തീ. 11.1.2016 പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആശ്രയ പരിചരണ സേവന പാക്കേജ് പ്രകാരം അർഹതയുള്ള അഗതി കുടുംബങ്ങൾക്കാണ് അങ്കണവാടി മുഖേന പാകം ചെയ്ത് ഭക്ഷണവിതരണം നടത്താവുന്നത്. എന്നാൽ ആശ്രയ ഗുണഭോക്താക്കളല്ലാത്ത വൃദ്ധർക്ക് അങ്കണവാടികൾ മുഖേന ഭക്ഷണം പാകം ചെയ്ത നൽകുന്നതിനുള്ള സാമഗ്രികൾ വാങ്ങുന്നതിനായാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. ആശ്രയ പദ്ധതിയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് പ്രത്യേകം ഭക്ഷണവിതരണ പദ്ധതി നടപ്പിലാക്കിയതിന് ഓഡിറ്റ് എൻക്വയറി 1-8-17 മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.

മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾക്കായി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ പ്രത്യേക അംഗീകാരം മുൻകൂറായി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖാ വിരുദ്ധമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

## 3-5 മഴക്കാലപൂർവ്വ ശുചീകരണം- വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്

വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ പ്രവർത്തനത്തിനായി ചെക്ക് നം - 205760-3.6.16 പ്രകാരം 180000/- രൂപ (18 വാർഡുകൾക്ക് @10000/-) മെഡിക്കൽ ഓഫീസർ വാർഡ് കമ്മിറ്റികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.. ദാരിദ്രനിർമാർജനവിഭാഗം പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് പ്രകാരം ലഭ്യമായ തുക വിവിധ വാർഡ്തല ശുചീകരണകമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഭരണസമിതി അംഗീകരിച്ച വാർഡ് തല പ്രവർത്തന രേഖ നടപ്പിലാക്കുന്നതിനായാണ് തുക അനുവദിക്കുന്നത്. ക്യാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം വിനിയോഗരേഖകൾ (ഒറിജിനൽ വൗച്ചർ) സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ് എന്ന് സർക്കുലർ നം-22501/DC1/ 14/28.4.14-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ചെലവ് രേഖകൾ പരിശോധനക്ക് വാങ്ങി സൂക്ഷിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി-3/25.7.17). മുൻകൂറായി അനുവദിക്കുന്ന തുകകളുടെ വിനിയോഗരേഖകൾ വാങ്ങി

സൂക്ഷിക്കുവാനും ശുചിത്വസമിതികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 180000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്റ്റ് നം. - 203/17, പകർച്ചവ്യാധി നിയന്ത്രണപരിപാടി

അടങ്കൽ - 150000/-[തനത്ഫണ്ട്]

ചെലവ് - 120800/- രൂപ (1597125/22.3.17- 1750

1597131/30.3.17-119050)

നിർവഹണം - മെഡിക്കൽ ഓഫീസർ, പബ്ലിക്ക് ഹെൽത്ത് സെന്റർ

പദ്ധതി പ്രകാരം പബ്ലിക്ക് ഹെൽത്ത് സെന്ററിന് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 120800/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | വാങ്ങിയത് | തുക | |
|---|---|---|---|
| കമ്പ്യൂട്ടർ ടേബിൾ | ഗൃഹലക്ഷ്മി, കൊല്ലങ്കോട് | 1750 | നേരിട്ട് വാങ്ങി |
| പ്രൊജക്ടർ & സ്ക്രീൻ | ഓക്സിജൻ, പാലക്കാട് | 29050 | ഹാൻഡ് ക്വട്ടേഷൻ (20.2.17) |
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, കാനൻ ലേസർ പ്രിന്റർ | " | 46650 | " (5.3.17) |
| ലാപ്ടോപ്, കാനൻ ലേസർ പ്രിന്റർ | " | 43350 | " (10.3.17) |

| | | | |
|---|---|---|---|
| | | | |
| ആകെ | | 120800 | |

ഒരു ലക്ഷം രൂപയിലധികം അടങ്കലുള്ള പദ്ധതി പ്രകാരം വാങ്ങേണ്ട ഇനങ്ങൾ ഒന്നിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിയമാനുസൃതം വാങ്ങുന്നതിന് പകരം (G.O(P)259/2010 /Lsgd) മൂന്ന് ഇനങ്ങളായി തിരിച്ച് പ്രത്യേക ക്വട്ടേഷനുകൾ അടിസ്ഥാനമാക്കിയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. കാനൻ ലേസർ പ്രിന്റർ രണ്ട് എണ്ണം വാങ്ങിയത് രണ്ട് പ്രത്യേക ക്വട്ടേഷൻ ക്ഷണിച്ചാണ്.(ഓഡിറ്റ് എൻക്വയറി-3/25.7.17)പർച്ചേസ് നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആയുർവേദ മരുന്ന് ലഭ്യമായിട്ടില്ല

പ്രൊജക്ട് - ആയുർവേദ ആശുപത്രിക്ക് മരുന്ന് വിതരണം(11/17)

അടങ്കൽ/ചെലവ് - 900000/-

ബിൽ നമ്പർ - 1/13.12.16 - 900000 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)

പദ്ധതി പ്രകാരം 900000/- രൂപ(invoice–961/19.11.16) 79 ഇനം ആയുർവേദ മരുന്നുകൾക്കായി ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും, താഴെ പറയും പ്രകാരം 860017/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 3074/31.12.16 | 390853 |
| 3597/31.1.17 | 146730 |
| 4326/27.2.17 | 192289 |
| 4703/18.3.17 | 62899 |
| 4882/27.3.17 | 28144 |
| 5004/31.3.17 | 39102 |

| | |
|---|---|
| ആകെ | 860017 |

39983/-രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

രണ്ട് മാസത്തിനകം മരുന്ന് ലഭ്യമായില്ലെങ്കിൽ നഷ്ടപരിഹാരം നൽകണം എന്ന് വ്യവസ്ഥയുൾപ്പെടുത്തി മെഡിക്കൽ ഓഫീസറും ഔഷധിയും തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയശേഷം മാത്രമേ പദ്ധതിഫണ്ട് വിനിയോഗിച്ച് മരുന്ന് വാങ്ങൽ പദ്ധതികൾ നടപ്പിലാക്കാവൂ എന്നും പദ്ധതി മാർഗരേഖയിൽ വ്യവസ്ഥയുണ്ട്.(ഓഡിറ്റ് എൻക്വയറി - 2/24.7.17) മേൽ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല

പ്രൊജക്ട് -ഹോമിയോ ആശുപത്രിക്ക് മരുന്ന് വിതരണം 10/17

അടങ്കൽ/ചെലവ് - 200000/-(മെയിന്റനൻസ് - നോൺ റോഡ് ഫണ്ട്)

ബിൽ നമ്പർ - 60/27.3.17(ബിൽ ബുക്ക് ക്രമനമ്പർ - 1)

നിർവഹണം - മെഡിക്കൽ ഓഫീസർ,ഹോമിയോ

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി പദ്ധതി പ്രകാരം 200000/-രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം 19 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നാളിതുവരെ ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല. തുക മുൻകൂറായി നൽകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി കരാർ ചമക്കേണ്ടതും കരാറിലെ സമയപരിധിക്കകം മരുന്നുകൾ ലഭ്യമായില്ലെങ്കിൽ നിയമാനുസൃതം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി -8/29.7.17). ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഭവനനിർമ്മാണം സ്ഥലം വാങ്ങൽ 158/17 പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി - ഭവനനിർമ്മാണം സ്ഥലം വാങ്ങൽ 158/17.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് - 500000/- രൂപ (പ്ലാൻ ജനറൽ )

ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് 100000/- പ്രകാരം 5 ഗുണഭോക്താക്കൾക്കായി 500000/- രൂപ ട്രഷറി ബിൽ നം.11/31.3.2017 പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നം.13/31.7.2017 നൽകിയിരുന്ന മറുപടി ലഭ്യമായിട്ടില്ല.

| ഗുണഭോക്താവ് | അപാകതകൾ | തടസ്സപ്പെടുത്തിയ/ നിരാകരിച്ച തുക. |
|---|---|---|
| സലീന, W/o.അബ്ദുൾ റസാക്ക് | 1. ഗുണഭോകാതൃ ലിസ്റ്റിൽ പേരില്ല.<br>2.സ്ഥലം വാങ്ങിയതിന്റെ ആധാരം പരിശോധനക്ക് ലഭ്യമായിട്ടില്ല | 100000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. |
| സരോജിനി W/o.മണി, | സ്ഥലം വാങ്ങിയതിന്റെ ആധാരം പരിശോധനക്ക് ലഭ്യമായിട്ടില്ല. | 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| അംബിക w/o.ശെലവൻ | സ്ഥലം വാങ്ങിയത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമായിട്ടില്ല. | 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |

# 3-10 എസ്.എസ്.എ.വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ.വിഹിതം(9/17) പദ്ധതി പ്രകാരം 500000 /- രൂപ (ട്രഷറി ബിൽ നം.16/29.12.16) പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ, പാലക്കാടിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം

ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.7/29.7.2017 നൽകിയിരുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-11 മാർക്കറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 67604/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിന്റെ മാർക്കറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി കുടിശ്ശിക അടവാക്കൽ (232/17) പദ്ധതി പ്രകാരം തനത്ഫണ്ടിൽ നിന്ന് 67604/-രൂപ വൗച്ചർ നം.21601026/28.2.2017 (SBI ചെക്ക് നം.860929/27.2.2017) പ്രകാരം കെ.എസ്.ഇ.ബി.യിൽ അടച്ചു. വാടകക്ക് നൽകിയ മാർക്കറ്റ് കെട്ടിടങ്ങളുടെ (15എണ്ണം) വൈദ്യുതി കുടിശ്ശിക, പിഴ സഹിതം വാടകക്കാരിൽ നിന്നും ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടയ്ക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.7/29.7.2017നൽകിയിരുന്നു.

പഞ്ചായത്തിന്റെ വിശദീകരണം താഴെ പറയും പ്രകാരമാണ് :

2009-10 കാലയളവിൽ കടമുറി ലേലം കൊണ്ടവർ വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കാതെ കുടിശ്ശിക ആയിട്ടുള്ളതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ ഇടയായിട്ടുള്ളതാണ്. 2015-16 സാമ്പത്തിക വർഷം പ്രോജക്റ്റ് നം.163/16 -മാർക്കറ്റ് കെട്ടിടം വൈദ്യുതീകരണം എന്ന പദ്ധതിയുടെ ഭാഗമായി മാർക്കറ്റിലെ കടമുറികൾ വയറിംഗ് നടത്തി വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ചപ്പോൾ വൈദ്യുതി കുടിശ്ശിക ഉണ്ടെന്നും ആയത് അടച്ചാൽ മാത്രമെ വൈദ്യുതി കണക്ഷൻ ലഭിക്കുകയുള്ളൂ എന്നും കെ.എസ്.ഇ.ബി അറിയിച്ചിരുന്നു. അതേസമയം 2016-17 സാമ്പത്തിക വർഷം ലേലം കൊണ്ടവർക്ക് ഉപയോഗപ്രദമായ രീതിയിൽ കടമുറി കൈമാറ്റം ചെയ്യേണ്ട സാഹചര്യം ഉണ്ടായതിനാൽ പഞ്ചായത്ത് കമ്മിറ്റി 4.8.2016 തീയ്യതിയിലെ 6(7)-തീരുമനം അനുസരിച്ച് തനതുഫണ്ടിൽ നിന്ന് തുക അടയ്ക്കാൻ ഇടയായത്. ടി തുക 2009-10 കാലയളവിൽ കടമുറി ലേലം കൊണ്ടവരിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആയതിനാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 67604/- രൂപയുടെ ചെലവ് തടസ്സത്തിൽ

വെയ്യുന്നു.

## 3-12 കുടിവെള്ള പദ്ധതികൾ

ജലനിധി മുഖേന നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയ 29 കുടിവെള്ളപദ്ധതികളും ഗുണഭോക്തൃസമിതിക്ക് കൈമാറാതെ പഞ്ചായത്ത് നേരിട്ട് നടത്തികൊണ്ടു വന്നതായിരുന്നു. 2017 ഫ്രെബുവരിയോടെ ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് കുടിവെള്ള പദ്ധതികൾ കൈമാറിയിട്ടുണ്ട്.

2016-17 വർഷത്തിൽ കുടിവെള്ള വൈദ്യുതി ചാർജ് (നം.91/17) പദ്ധതിപ്രകാരം 1941880/-രൂപ (MG Non Road – 1500000/- + Ownfund 441880/-) കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് കുടിശ്ശിക അടച്ചിട്ടുണ്ട്.

## 3-13 വരൾച്ച - വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ ചെലവ് തുക 91200/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | വരൾച്ച - വിവധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ തുക നൽകൽ (93/17) |
| നിരവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 238268/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 91200/- |
| ട്രഷറി ബിൽ നം | 18/18.1.2017. |

പഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ മിനി ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തുന്നതിനായുള്ള ഈ പദ്ധതി ക്വട്ടേഷൻ നടപടിയിലൂടെയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. പ്രോജക്റ്റിൽ നിർവ്വഹണ രീതി പറഞ്ഞിട്ടുള്ളത് ടെണ്ടർ മുഖേന എന്നുമാണ്. ക്വട്ടേഷൻ പ്രകാരം കുടിവെള്ള വിതരണം പൂർത്തിയായതിന്റെ ബിൽ സമർപ്പിച്ചതിൽ 237600/- രൂപ ചിലവ് വന്നിട്ടുണ്ട്. അഡ്വാൻസ് തുകയായി 91200/-

രൂപയാണ് നൽകിയിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുള്ള ചെലവ് 91200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം.7/29.7.2017 നൽകിയതിന് അടിയന്തിര പ്രാധാന്യത്തോടെ കുടിവെള്ളവിതരണം ചെയ്യേണ്ടതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കുവാൻ തീരുമാനിച്ചത് എന്നും എന്നാൽ വിതരണം പൂർത്തിയാക്കി ബിൽ സമർപ്പിച്ചപ്പോൾ 237600/- രൂപ ചെലവ് വന്നിരുന്നുവെന്നും സാധൂകരണത്തിന് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട് എന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്.

## 3-14 നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14 ദിവസവും പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി ടെന്റർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 33298/-രൂപ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/31.7.17)മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് പിഎസി | ടെണ്ടർ തീയതി/ അംഗീകരിച്ചത് | സെലക്ഷൻ നോട്ടീസ് അയച്ചത് | എഗ്രിമെന്റ് വെച്ചത് / കരാറുകാരൻ | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1. | പാറക്കളം മിനി കുടിവെള്ള പദ്ധതിക്ക് വാട്ടർടാങ്ക്, 140/16, 149348 | 27.7.15 31.7.15 | 4.8.15 | 16.9.15 R.ഹരിദാസ് | 1493 |
| 2. | കണ്ണൻകുളമ്പ് Scകോളനി മിനി കുടിവെള്ള പദ്ധതി,139/16, 299749 | 22.7.15 31.7.15 | 4.8.15 | 16.9.15 K.V.പ്രസാദ് | 2997 |
| 3. | ഗ്രന്ഥശാല, വായനശാല കെട്ടിട നിർമ്മാണം 137/16, 1379771 | 7.10.15 23.12.15 | 28.12.15 | 04.02.2016 R.ഹരിദാസ് | 13798 |
| 4 | മാർക്കറ്റ് കെട്ടിടം വൈദ്യുതീകരണം, 163/16, 250000 | 6.9.16 29.9.16 | 22.9.16 | 15.10.16 K.ചാമുണ്ണി | 2500 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | കുറ്റൻകുഴി മിനി കുടിവെള്ള പദ്ധതി, 185/16, 300000 | 8.3.16<br>31.5.16 | - | 23.6.16<br>J.സുരേഷ് | 3000 |
| 6 | ആനമാരി മാരിയമ്മൻ കോവിൽ റോഡ് പുനരുദ്ധാരണം, 184/16, 495000 | 8.3.16<br>31.5.16 | - | 23.6.16<br>J.സുരേഷ് | 4950 |
| 7 | പാറക്കളം റോഡ് കോൺക്രീറ്റ് & സൈഡ് പ്രൊട്ടക്ഷൻ, 182/16, 153950 | 8.3.16<br>31.5.16 | - | 23.6.16<br>J.സുരേഷ് | 1540 |
| 8 | ചുട്ടിച്ചിറ SC കോളനി റോഡ് ടാറിംഗ്, 170/15, 302000 | 6.6.16<br>31.5.16 | - | 07.07.16<br>K.V. മോഹൻകുമാർ | 3020 |
| | ആകെ | | | | 33298 |

## 3-15 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തി എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധികള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ

നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂട്ടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച് കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1. നെടുമണി മിനി കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം.- 140/15

പിഎസി- 324579/-

കരാറുകാരൻ- ജെ.സുരേഷ്

എഗ്രിമെൻറ് നം- 94/14-15/20.1.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -31.03.15

പൂർത്തീകരിച്ച തീയതി- 16.5.16

അളവു പുസ്തകം-57/14-15,72/15-16

പാർട്ട്ബിൽ -79/8.6.15-188236

ഫൈനൽ ബിൽ -03/16-17/23.9.16-24919

പിഴ ഈടാക്കേണ്ടത്- 16.4.15-15.5.16 (15ദിവസം ഗ്രേസ്സ്പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന്(16.4.15-15.7.15 )പി.എ.സി.യുടെ@1% -3246 /-

അടുത്ത ഓരോ മൂന്ന മാസത്തിനും(16.7.15-15.4.16(9 മാസം) )@2% of 324579/- 6492 x 3 = 19476/-

16.4.16 – 15.5.16 @2%- 2163/-(30ദിവസത്തിന് )

ആകെ-24885/-

ഈടാക്കിയത്- 19933

ബാക്കി ഈടാക്കേണ്ടത്- 4952/-

2.ഗ്രന്ഥശാല, വായനശാല കെട്ടിട നിർമ്മാണം

പ്രൊജക്റ്റ് നം.-137/16

പിഎസി- 1379771/-

കരാറുകാരൻ-R.ഹരിദാസ്

എഗ്രിമെൻറ് നം-66 /15-16/4.2.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -3.8.16

പൂർത്തീകരിച്ച തീയതി- 20.10.16

അളവു പുസ്തകം-68/15-16,71/15-16, 78/15-16,79/15-16

ഫൈനൽ ബിൽ -8/16-17/28.9.16-1145096/-

പിഴ ഈടാക്കേണ്ടത്- (36 ദിവസം ഗ്രേസ്സ് പിരീഡ്)

09.09.16 മുതൽ 19.10.16 വരെയുള്ള പിഴ - 1379771 x 1/100 x 41/90 = 6286/-(41 ദിവസത്തിന്)

ഈടാക്കിയത്- 5257/-

ബാക്കി ഈടാക്കേണ്ടത്- 1029/-

3.കോൺഫറൻസ് കെട്ടിടം നിർമ്മാണം, ബസ്റ്റാൻഡ് പരിസരം

പ്രൊജക്റ്റ് നം- 136/16

പിഎസി- 3136802/-

കരാറുകാരൻ-ജയപ്രകാശ്

എഗ്രിമെൻറ് നം- 67 /15-16/18.2.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -19.08.16

പൂർത്തീകരിച്ച തീയതി-17.10 .16

അളവു പുസ്തകം- 70/15-16, 81/15-16

ചെലവ്-

1. ബിൽ -9/16.17/18.11.16- 714902 /-

2. ബിൽ -12/16.17/18.11.16- 1846990/-

3. ബിൽ -13/16.17/13.12.16- 272953/-

പിഴ ഈടാക്കേണ്ടത്- 24.9.16 - 16.10.16 (36ദിവസം ഗ്രേസ്സ്പിരീഡ്)

24.09.16 മുതൽ 16.10.16 വരെയുള്ള പിഴ:- 3136802 x 1/100 x 23/90 = 8016/-(23ദിവസത്തിന്
)

ഈടാക്കിയത്- 7386/-

ബാക്കി ഈടാക്കേണ്ടത്-630 /-

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/31.7.17) മറുപടി ലഭ്യമായില്ല. ആയതിനാൽ പിഴയിനത്തിലുള്ള 6611/- കരാറുകാരിൽനിന്നും ഈടാക്കി

പഞ്ചായത്തു ഫണ്ടിലടക്കേണ്ടതാണ്.

## 3-16 ഇ-ടെണ്ടർ നടത്തിയതിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ പ്രകാരം കാണുന്നു. ടെണ്ടർ രജിസ്റ്ററിൽ ഇവയുടെ പൂർണ്ണ വിവരങ്ങൾ ഇല്ല. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം (ടെണ്ടർ ഫയൽ പ്രകാരം)ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ തീയതി | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർ ഫീസ് @2500+ 125(VAT) |
|---|---|---|---|---|---|
| 1 | പബ്ലിക് യൂട്ടിലിറ്റി സ്റ്റേജ് | 1100000 | 22.3.17 | 4 | 10500 |

| | | | | | |
|---|---|---|---|---|---|
| 2 | ബസ്സ്റ്റാൻഡ് റോഡ് പുനരുദ്ധാരണം | 2500000 | 30.3.17 | 3 | 7875 |
| | ആകെ | | | | 18375 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം.11/31-7-2017) ത്തിന് മറുപടി ലഭിച്ചില്ല. 17500/-രൂപ ടെന്റർ ഫോം വില ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്കും 875/-രൂപ വില്പന നികുതി വകുപ്പിലേയ്ക്കും അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ ആവശ്യപ്പെടുന്നു.

ഓഡിറ്റ് വർഷം ആകെ 130 പ്രവൃത്തികൾക്ക് തുക വകയിരുത്തിയതിൽ 24 പ്രവൃത്തികൾ 2015-16 വർഷത്തിൽ നിന്നും 2016-17 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നതാണ്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ഒരു സ്പിൽഓവർ പ്രൊജക്റ്റ് അത് സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന 4 സ്പിൽ ഓവർ പ്രവൃത്തികൾ 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 19/16-17 | തറക്കുളം Scകോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് | 295000 |

| | | | |
|---|---|---|---|
| | | | |
| 2 | 22/16-17 | പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി | 93561 |
| 3. | 37/16-17 | പഞ്ചായത്ത് ഓഫീസ് ഫ്രണ്ടോഫീസ് റാമ്പ് നിർമ്മാണം | 23000 |
| 4. | 38/16-17 | ബസ്സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് | 200000 |

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/31.7.17) മറുപടി ലഭ്യമായില്ല. സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അവയുടെ പ്രയോജനം എത്രയും വേഗം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 3-18 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിയ്ക്ക്കൈമാറിയിട്ടില്ല

ഓഡിറ്റ് വർഷം താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഇവയുടെ നടത്തിപ്പും പരിപാലനവും അറ്റകുറ്റപ്പണികളും ഗുണഭോക്തൃസമിതിയ്ക്ക് രേഖാമൂലം കൈമാറിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | നിർമ്മാണ ചെലവ് |
|---|---|---|

| | | |
|---|---|---|
| 1. | കൊങ്ങൻ ചാത്തി കുടിവെള്ളപദ്ധതി | 205000 |
| 2. | ചൂരിക്കാട് കുടിവെള്ള പദ്ധതി | 318250 |
| 3. | കല്ലേരി പൊറ്റ കുടിവെള്ള പദ്ധതി | 202489 |
| 4. | നെടുമണി കുടിവെള്ള പദ്ധതി | 322105 |
| 5. | പാറക്കളം കുടിവെള്ള പദ്ധതി | 150000 |
| 6. | കണ്ണൻ കുളമ്പ് SC കോളനി കുടിവെള്ള പദ്ധതി | 300000 |

ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം12./31.7.17) മറുപടി ലഭ്യമായില്ല. പദ്ധതികൾ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഇവയുടെ പരിപാലനവും നടത്തിപ്പും ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയാകുന്നതാണ്.

## 3-19 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ. രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയത് | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 130 | 34455242 | 46 | 11871610 |

വകയിരുത്തിയ തുകയുടെ 34.45% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്റ്റുകളുടെ

35%-ൽ മാത്രമേ ചെലവു നടന്നുള്ളൂ.

ടെണ്ടർ നടപടികൾ സ്വീകരിച്ച ശേഷം ലഭ്യമായ ടെണ്ടറുകൾ ഭരണസമിതി അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. കൂടാതെ പദ്ധതി നിർവ്വഹണ വേളയിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തെ വൈകിപ്പിക്കുന്ന തരത്തിലുള്ള തടസ്സങ്ങൾ യഥാസമയം ഒഴിവാക്കേണ്ടതാണ്.

അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 295800 | ഒ.ഡി.എഫ് | 0 | 295800 |
| | 2016-17 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2016-17 | 170000 | പാലിന് | 170000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | 2016-17 | 106850 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 106850 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2016-17 | 2499000 | നെൽക്കൃഷിക്ക് ഉൽപാദന ബോണസ് | 2481500 | 17500 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (134/17) | 34/27.03.17<br>30/08.03.17 | 6040/-<br>13485/- | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല | |
| | സമ്പൂർണ്ണ വൈദ്യുതീകരണം (227/17) | സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നം.2<br>ചെക്ക്-1597113/ 23.02.17 | 338430 | | |
| ജലഅതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (ചെണ്ടങ്കൽ | 21/16-17,6-3-17 | 100000 | | |

ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗം, പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | GO(Rt)No. 1000/2010/ LSGD/ 24.3.2010 | 26999400 | 11273652 | 2000000 | | 9273652 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76537591 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70166871 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ | 147989 |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 656304 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 8080 | ശ്രീ.വി.എസ്. ദിലീപ് കുമാർ, കൃഷി ഓഫീസർ |
| 3-9 | | 100000 | ശിവപ്രസാദ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-14 | | 33298 | ജി.സുരേഷ്കുമാർ, അസി.എഞ്ചിനീയർ |
| 3-15 | | 6611 | ടി |
| | ആകെ | **147989** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 90000 | ശ്രീ.വി.എസ്. ദിലീപ് കുമാർ, കൃഷി ഓഫീസർ |
| 3-1(2) | 27500 | ശ്രീ.വി.എസ്. ദിലീപ് കുമാർ, കൃഷി ഓഫീസർ |
| 3-5 | 180000 | ശ്രീ.ഉണ്ണികൃഷ്ണപ്പിള്ള.ആർ, സെക്രട്ടറി |
| 3-9 | 200000 | ശ്രീ. ശിവപ്രസാദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 3-11 | 67604 | ശ്രീ.ഉണ്ണികൃഷ്ണപ്പിള്ള.ആർ,<br>സെക്രട്ടറി |
| 3-13 | 91200 | ടി |
| ആകെ | **656304** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.സുരേഷ്കുമാർ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>കൊല്ലങ്കോട്<br>ഗ്രാമ പഞ്ചായത്ത് | പാലാഴി,<br>പിരായുംമൂട്,<br>നെയ്യാറ്റിൻകര,<br>തിരുവനന്തപുരം. |
| ശിവപ്രസാദ്.<br>വി.ഇ.ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | പനങ്കാവ്,<br>പട്ടഞ്ചേരി.പി.ഒ.<br>പാലക്കാട് |
| വി.എസ്. ദിലീപ് കുമാർ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൊല്ലങ്കോട്<br>ഗ്രാമ പഞ്ചായത്ത് | കൈലാസം,<br>കാരാട്ടുകോണം<br>മലയിൻകീഴ്(പി.ഒ)<br>തിരുവനന്തപുരം<br>പിൻ-695571 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2002-03 | LFP6/202/08 dt. 18.9.10 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2003-04 | LFP6/342/08 dt. 6.9.10 | -ടി- |
| 2004-05 | LFP6/677/08 dt. 2.9.10 | -ടി- |
| 2005-06 | LFP8/1278/11 dt. 16.12.11 | പുനരഭിപ്രായം-തുടർ നടപടികൾ |
| 2006-07 | LFP8/1279/11 dt. 10.11.11 | -ടി- |
| 2007-08 | LFP8/2208/12 dt. 5.2.13 | പുനരഭിപ്രായം |
| 2008-09 | LFP8/1677/12 dt. 31.12.12 | -ടി- |
| 2009-10<br>2010-11 | LFP8/1006/13 dt. 17.3.2014 | ഫർദർ റിമാർക്സ് |
| 2011-12 | LFP8/1949/14 dt. 4.2.15 | ഫർദർ റിപ്പോർട്ട് |
| 2013-14<br>2014-15 | നം. കെ എസ് എ - പി കെ ഡി8/335 /2016/7.4.16 | - |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പി.കെ.ഡി.19-1816/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -23-10-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD.19-1816/2017

Kerala State Audit Department

District Audit Office,Palakkad

Date - 23-10-2017

## Audit Certificate

Certified that I have audited the Annual Financial Statement of Kollengode Gramma Panchayath in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kollengode Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

Deputy Director